**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5985** **17-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ കടമെടുത്ത തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പാ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br>**വർഷം** \| **2021-22** \| **2022-23 Upto January 31 #**<br>അഭ്യന്തര വായ്പ \| 20317.49 \| 10,000.33<br>കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ \| -24.67 \| 909.44<br>**ആകെ** \| **20292.82** \| **10909.77**<br><br>(*2021-22 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി നഷ്ടപരിഹാരയിനത്തിൽ തിരിച്ചടയ്ക്കേണ്ടതല്ലാത്ത വായ്പയായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായ തുക (8739.31 കോടി രൂപ) ഇതിൽ ഉൾപ്പെടുന്നില്ല.)<br><br>#അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം |
| (ബി) | കടമെടുത്തത് എത്ര കാലത്തേക്കാണെന്നും പലിശ എത്രയെന്നും വ്യക്തമാക്കാമോ? | (ബി) | പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ്, LIC, GIC, നബാർഡ്, ദേശിയ ലഘു സമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരകടവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും (വിദേശ സഹായ വായ്പകൾ ഉൾപ്പെടെ) മുൻകൂറുകളും വഴിയാണ് സംസ്ഥാനം വായ്പ എടുക്കുന്നത്<br><br>പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പിന് അതത് സമയം നിഷ്കർഷിക്കുന്ന തിരിച്ചടവ് കാലാവധിയും പലിശയുമാണുള്ളത്. വിദേശ സഹായ വായ്പകൾ/നബാർഡ് എന്നിവയുടെ തിരിച്ചടവ് തുടങ്ങുന്നത് സാധാരണയായി വായ്പ ലഭിച്ച് 3-4 വർഷങ്ങൾക്ക് ശേഷമാണ്. വായ്പകളുടെ നിബന്ധനകൾക്ക് വിധേയമായി പലിശ നിരക്കിലും വ്യതിയാനം സംഭവിക്കും.<br><br>അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷവും, 2022-23 സാമ്പത്തിക വർഷം ജനുവരി 31 വരെയും പലിശയിനത്തിൽ അടച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br> \| 2021-22 \| 2022-23<br>പലിശയിനത്തിൽ \| 23302.82 \| 17329.25 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഓരോ വർഷവും അടയ്ക്കുന്ന തുക | | |

സെക്ഷൻ ഓഫീസർ